ശ്രീ. സി. അച്യുതമേനോൻ : അന്വേഷണം നടത്താൻ ആരെയാണു് ഉദ്ദേശിച്ചിരിക്കുന്നതു് ?

ശ്രീ. പി. ടി. ചാക്കോ : ഈ കേസ്സിന്റെ അന്വേഷണത്തിനു് അവിടത്തെ സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. പാറുക്കുട്ടിഅമ്മ എന്ന സ്ത്രീയും അവരുടെ മക്കളും വിധി നടത്താൻ ചെന്ന ആമീൻ പറഞ്ഞിട്ടു് ഇറങ്ങിപ്പോയില്ല. അവർ അടുത്തുള്ള ഒരു ഷെഡ്ഡിൽ കയറി ഇരിക്കുകയാണു് ചെയ്തതു്. ആമീനാണു് ആദ്യമായി ബലം പ്രയോഗിച്ചതു്. അതിനെത്തുടർന്നു് ഇപ്പോഴുള്ള എന്റെ അറിവു വച്ചു് വസ്തു ഒഴിഞ്ഞുകൊടുക്കേണ്ടതായ ഹൈദ്രോസും അനുയായികളും കൂടിയാണു് ഇറക്കിവിട്ടതെന്നു് അറിയുന്നു. വിധിനടത്തുന്ന സമയത്തു് അവിടെ ഉണ്ടായിരുന്ന പോലീസ് സബ് ഇൻസ്പെക്ടർ ഇതിൽ ഇടപെടേണ്ടതായിരുന്നു. എന്നാൽ ഇടപെട്ടിട്ടില്ല എന്നാണു് അറിയുന്നതു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : പോലീസ് അവിടെ ഉണ്ടായിരുന്നുവെങ്കിൽ ഈ സ്ത്രീകളേയും കുട്ടികളേയും മർദ്ദിച്ചവരെ പ്രതികളായി അറസ്റ്റു ചെയ്യുകയായിരുന്നോ ?

ശ്രീ. പി. ടി. ചാക്കോ : സബ് ഇൻസ്പെക്ടർ ഇടപെടേണ്ടതായിരുന്നു എന്നാണു് തോന്നുന്നതു്. എന്നാൽ ഇടപെട്ട എന്നു കാണുന്നില്ല. കേസ് അന്വേഷണത്തിൽ ഇരിക്കുന്നതുകൊണ്ടു് സബ് ജുഡീസ് ആണു്. അതിന്റെ വിശദാംശങ്ങളും ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

ദേശമിത്രം പ്രസ്സിലെ പണിമുടക്കു്

* 879. [20] ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരു് ദേശമിത്രം പ്രസ്സിലെ തൊഴിലാളികളും തുടർന്നുവരുന്ന പണിമുടക്കുസമരം അനുരഞ്ജനപരമായി തീർക്കുന്നതിനു് എന്തൊക്കെ നടപടികളും എടുത്തു ;

(ബി) പ്രസ്തുത പ്രസ്സു്മാനേജ്മെന്റു് അധികൃതന്മാരുടെ നിർദ്ദേശങ്ങൾക്കും, ജില്ലയിലെ പ്രസ്സു് മുതലാളിമാരും തൊഴിലാളി യൂണിയനുകളും യോജിച്ചു് എടുത്ത എല്ലാ തീരുമാനങ്ങൾക്കും വിരുദ്ധമായിട്ടാണു് പ്രവർത്തിക്കുന്നതെന്നു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അടിയന്തിരമായി പ്രസ്തുത തൊഴിൽ പ്രശ്നം പരിഹരിച്ചു് തൊഴിലാളികൾക്കു് സംരക്ഷണം നൽകുവാൻ നടപടിയെടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) അസിസ്റ്റന്റു് ലേബർ ആഫീസർ, ഡിസ്ട്രിക്റ്റു ലേബർ ആഫീസർ കണ്ണൂർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ കോഴിക്കോടു് എന്നിവരെ അനുരഞ്ജനനടപടികൾക്കായി നിയോഗിച്ചിരുന്നു.

(ബി) അങ്ങനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) അടിയന്തിരമായി തൊഴിൽ പ്രശ്നം പരിഹരിക്കുവാൻവേണ്ട നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ലേബർ ഡിപ്പാർട്ടുമെന്റു് അധികൃതന്മാർ അവിടെ തൊഴിലാളി സംഘടനകളും മുതലാളിമാരുടെ സംഘടനകളും നിർദ്ദേശിച്ചിട്ടുള്ള യാതൊരു തീരുമാനങ്ങൾക്കും വഴിപ്പെട്ടിട്ടില്ല എന്നു മാത്രമല്ല, തൊഴിലാളികൾ സത്യഗ്രഹം ചെയ്ത അവസരത്തിൽ അവരെ പോലീസ് ബലം പ്രയോഗിച്ചു മാറ്റുകയാണു് ചെയ്തതെന്നു അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെയല്ല ഉണ്ടായിട്ടുള്ളത്. പ്രസ്സ് ഉടമകളും ജോലിക്കാരും ചേർന്നുകൊണ്ട് 1960–61–ലെ ബോണസ് കാര്യം ചർച്ച ചെയ്തശേഷം ഒരു മാസത്തെ ബോണസ് കൊടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. 1961–62–ലെ ലാഭം അര മാസത്തെയുള്ളുവെന്നു കണ്ട് അതു് ആദ്യം കൊടുക്കാമെന്നു തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവർക്കു നോട്ടീസ് നൽകുകയും ചെയ്തു. ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ അനുരഞ്ജനത്തിനു ശ്രമിച്ചശേഷം തൊഴിലാളികളുടെ മനോഭാവം 'സ്റ്റേ ഇൻ സ്ട്രൈക്കാ'യി രൂപാന്തരപ്പെടുകയാണു് ഉണ്ടായതു്.

ശ്രീ. പി. ഗോപാലൻ : അര മാസത്തെ ബോണസ് അഡ്വാൻസായി നൽകിയതു് പെട്ടെന്നു ശമ്പളത്തിൽ പിടിച്ചതുകൊണ്ടാണു് "Stay in strike" നടത്തിയെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : അര മാസത്തെ ശമ്പളം ബോണസ്സായി കൊടുക്കാമെന്നായിരുന്നു തീരുമാനം. പിന്നീടു് സ്ട്രൈക്കു് നടത്തുന്നു എന്ന അറിവാണു് ഗവണ്മെന്റിനു ലഭിച്ചതു്. മറ്റു വിവരമൊന്നും ഗവണ്മെന്റിനു അറിവില്ല.

ശ്രീ. ഓ. കോരൻ : തൊഴിലാളികൾ സ്ട്രൈക്കു് ആരംഭിച്ചിട്ടു് എത്ര ദിവസമായി; ലേബർ ഉദ്യോഗസ്ഥന്മാർ എത്ര ദിവസം അന്വേഷണം നടത്തി ?

ശ്രീ. കെ. ടി. അച്യുതൻ : 8–10–1963–ലാണു് സ്ട്രൈക്കു് ആരംഭിച്ചതു്. 9–11–1963 വരെ സ്റ്റേ ഇൻ സ്ട്രൈക്കു് തുടർന്നു. അസിസ്റ്റന്റു് ലേബർ ആഫീസറും ഡെപ്യൂട്ടി ലേബർ കമ്മീഷണറും അഞ്ചാറു ദിവസം അന്വേഷണം നടത്തുകയുണ്ടായി.

ശ്രീ. എം. നാരായണക്കുറുപ്പു് : ഉദ്യോഗസ്ഥന്മാർ നടത്തിയ അനുരഞ്ജനം പരാജയപ്പെട്ടു എന്നാണു് മന്ത്രിയുടെ ഉത്തരത്തിൽനിന്നും മനസ്സിലാകുന്നതു്. ഇതിൽക്കൂടുതൽ എന്തൊരു നടപടിയാണു് ഗവണ്മെന്റുഭാഗത്തുനിന്നും ഈ കാര്യത്തിൽ ചെയ്യാൻ പോകുന്നതു് ?

ശ്രീ. കെ. ടി. അച്യുതൻ : ഇനി ചെയ്യാൻ പോകുന്നതു് ഇന്നോ നാളെയോ തീരുമാനത്തിനായി അഡ്ജൂഡിക്കേഷനു വിട്ടുകൊടുക്കാമെന്നാണു തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇതുവരെയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ ആർബിട്രേഷൻ നല്ലതാണെന്നു തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനു വിടുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഉടമകളെ സംബന്ധിച്ചു അതു നടപ്പിൽ വരുത്തിയിട്ടില്ല. ക്രമേണ അതു സ്വീകരിക്കുന്നതാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഒരു മാസത്തെ ബോണസ് കൊടുക്കാമെന്നു തീരുമാനിക്കുകയും, അരമാസത്തെ ബോണസ് കൊടുക്കുകയും ചെയ്തിട്ടു് അതു് അവരുടെ ശമ്പളത്തിൽനിന്നും തിരിച്ചെടുക്കുകയും ചെയ്തതുകൊണ്ടാണു തൊഴിലാളികൾ ഡയറക്ട് ആക്ഷനിലേക്കു് പുറപ്പെട്ടതെന്നുള്ള വിവരം അറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അരമാസത്തെ ബോണസ്സു് കൊടുത്തപ്പോൾ അവർ സ്റ്റേ ഇൻ സ്ട്രൈക്കു് ആരംഭിക്കുകയാണു് ചെയ്തതു്. ആഫീസിൽ പ്രവേശിച്ചിട്ടു് ആരെയും പണി നടത്താൻ സമ്മതിക്കാതെ കഴിയുക, ഇരുപത്തിനാലു മണിക്കൂറും ആഫീസിൽതന്നെ കഴിഞ്ഞുകൂടുക, ഈ നയമാണു് തൊഴിലാളികൾ സ്വീകരിച്ചിരുന്നതു്. എന്തു കാരണം കൊണ്ടായാലും ആദ്യം സ്ട്രൈക്കു് ആരംഭിച്ചിട്ടു പിന്നീടു തീരുമാനമെടുക്കുക എന്ന സാധാരണ നടപടികൾ ഇവർ അംഗീകരിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഗോപാലൻ : പ്രസ്സിലെ പത്തു് സ്ത്രീ തൊഴിലാളികളോടു് മാനേജ്മെന്റു് പ്രകോപനപരമായി പെരുമാറി എന്നു് ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : സ്റ്റേ ഇൻ സ്ട്രൈക്കായാലും മറ്റു തരത്തിലുള്ള സ്ട്രൈക്കായാലും ആരും പ്രകോപനപരമായി പെരുമാറരുതെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ഞായറാഴ്ച രാവിലെ നടത്തപ്പെടുന്ന എൻ. സി. സി. പരേഡു്

* 880. [21] ശ്രീ. കെ എം. ജോർജ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തു യൂണിവേഴ്സിറ്റി കാളേജിലും മറ്റു ഗവണ്മെൻറു കാളേജുകളിലുമുള്ള വിദ്യാർത്ഥികൾക്കു ഞായറാഴ്ച രാവിലെ എൻ. സി. സി. ട്രെയിനിംഗും, പരേഡും നടത്തിവരുന്നുണ്ടോ;

(ബി) ടി കലാലയങ്ങളിലെ ക്രിസ്ത്യൻ വിദ്യാർത്ഥികളെ ഇതിൽ സംബന്ധിക്കുവാൻ നിർബന്ധിക്കപ്പെടുന്നതുമൂലം, അവർക്കു് മതപരമായി വളരെ ബുദ്ധിമുട്ടുണ്ടാകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) മേലിൽ ഞായറാഴ്ച ദിവസങ്ങളിൽ ഉച്ചയ്ക്കുമുമ്പു്, ഇപ്രകാരമുള്ള ട്രെയിനിംഗു് പരിപാടികൾ നടത്തരുതെന്നു ബന്ധപ്പെട്ടവർക്കു ദയവായി കല്പന നൽകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) എൻ. സി. സി. ഡയറക്ടർ ജനറലുടെ നിർദ്ദേശമനുസരിച്ചു് ട്രെയിനിംഗു് സിലബസ്സു് പൂർത്തിയാക്കുവാൻ വേണ്ടി ഞായറാഴ്ച ഉൾപ്പെടെ ആഴ്ചയിലെ എല്ലാ ദിവസവും പരിശീലനം കൊടുക്കേണ്ടിവരുന്നുണ്ടു്. എന്നാൽ സാധാരണയായി അദ്ധ്യയന ദിവസങ്ങളിൽ എന്തെങ്കിലും കാരണവശാൽ പരിശീലനത്തിനു ഹാജരാകുവാൻ കഴിയാതെ വരുന്ന കേഡറുകൾക്കാണു് ഞായറാഴ്ച പരിശീലനം കൊടുക്കാറുള്ളതു്.

(ബി) ഇല്ല.

(സി) ഇതു പരിഗണിക്കുന്നതാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഞായറാഴ്ച ദിവസം ഏതൊരു ക്രിസ്ത്യാനിക്കും മൂന്നു നാലു മണിക്കൂർ പള്ളിയിൽ പോകുന്നതിനും പ്രാർത്ഥിക്കുന്നതിനും അത്യാവശ്യമായിരിക്കുന്നതിനാൽ വിദ്യാർത്ഥികൾക്കു് ഞായറാഴ്ചപോകുന്നതിൽ നിന്നും ഒഴിവാക്കുവാൻ ശ്രമിക്കുമോ? നിയമസഭ ഉച്ചകഴിഞ്ഞു കൂടുന്നതുപോലെ മറേറതെങ്കിലും അവസരം അവർക്കും ഉപയോഗിക്കാവുന്നതാണു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇങ്ങനെ ഒരാക്ഷേപം ഇതിനു മുമ്പു് ലഭിച്ചിരുന്നില്ല. മേലാൽ അതേപററി പരിഗണിക്കുന്നതാണു്.

ടി. ടി. സി. വിദ്യാർത്ഥിനിയുടെ പ രിച്ചുവിടൽ

* 881. [23] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മു ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ബി. ടി. എസ്സു്-ൽ ജൂണിയർ ടി. ടി. സി. ക്ലാസിൽ പഠിച്ചിരുന്ന എ. ലളിതാബായി എന്ന വിദ്യാർത്ഥിനിയെ അവിടെ നിന്നും പിരിച്ചയയ്ക്കുകയുണ്ടായോ; എങ്കിൽ കാരണമെന്തു്;

LIBRARY ARCHIVES Kerala Legislative Assembly